# പതിമൂന്നാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2371 | 19.06.2013 ൽ മറുപടിക്ക്

**ബയോ മെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എം. ഉമ്മർ മാസ്റ്റർ<br>,, പി.ബി. അബ്ദുൾ റസാക്<br>,, കെ.എം. ഷാജി<br>,, സി. മോയിൻകുട്ടി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനത്തിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനത്തിന് കാര്യക്ഷമമായി പ്രവർത്തിക്കുവാൻ സാധിക്കുന്നില്ലെന്നും, ഫലപ്രദമായ വേസ്റ്റ് നിർമ്മാർജ്ജനം നടപ്പിലാക്കാത്തത് ഗുരുതര ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ടെന്നുമുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടോ; | (എ) | ഇല്ല |
| (ബി) | സംസ്ഥാനത്തെ പതിനായിരത്തിലധികം വരുന്ന ചികിത്സാ കേന്ദ്രങ്ങളിൽ മൂന്നിൽരണ്ടും ഇന്ത്യൻ മെഡിക്കൽ അസോസിയേഷന്റെ മാലിന്യ നിർമ്മാർജ്ജന സംവിധാനമായ "ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ഗോസ് ഇക്കോ ഫ്രണ്ട്ലി" (ഇമേജ്) യുടെ പരിധിക്ക് പുറത്താണെന്നത് അറിവുണ്ടോ; | (ബി) | സംസ്ഥാനത്തെ സർക്കാർ മെഡിക്കൽ കോളേജുകളിലെയും ആരോഗ്യ വകുപ്പിന കീഴിലുള്ള മേജർ ആശുപത്രികളിലും ' ഇമേജ് ' മുഖേനയാണ് ബയോമെഡിക്കൽ വേസ്റ്റ് നിർമ്മാർജ്ജനം നടന്നു വരുന്നത്. ചെറിയ ആശുപത്രികളിൽ ബയോമെഡിക്കൽ വേസ്റ്റിന്റെ അളവ് വളരെ കുറവാണ്. ഇവയെ ആഴത്തിലുള്ള കുഴികളിൽ കുഴിച്ചുമൂടുകയാണ് ചെയ്യുന്നത്. ഇത് സമൂഹത്തിൽ ആരോഗ്യ പ്രശ്നങ്ങളോ മാലിന്യ പ്രശ്നങ്ങളോ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (സി) | 1998–ലെ ബയോ മെഡിക്കൽ വേസ്റ്റ്സ് (മാനേജ്മെന്റ് ആന്റ് ഹാന്റ്ലിംഗ്) റൂൾസിലെ വ്യവസ്ഥകൾ ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; | (സി) | ഉണ്ട് |
| (ഡി) | ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമനിർമ്മാണം ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത ബിൽ സർക്കാർ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ